**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4432 | 21.03.2018-ൽ മറുപടിക്ക് |
|---|---|

**കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ**

| ചോദ്യം<br>ശ്രീ. പി.സി. ജോർജ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ കിടന്ന് നശിക്കുന്നതും പ്രസ്തുത വാഹനങ്ങൾ സ്റ്റേഷനോട് ചേർന്നുള്ള റോഡ് സൈഡുകളിൽ കിടക്കുന്നത് മൂലം പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ഒഴിവാക്കാനും എന്തെങ്കിലും ഫലപ്രദമായ സംവിധാനം ഒരുക്കി ഈ വണ്ടികൾ നീക്കം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസ്സുമായി ബന്ധപ്പെട്ട് പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ 03/08/2013 തീയതിയിലെ 23/13 നമ്പർ സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ആയതനുസരിച്ച് ജില്ലാ പോലീസ് മേധാവിമാർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. കൂടാതെ പെറ്റി കേസ്സുകളിൽ വാഹനങ്ങൾ പിടിച്ചെടുത്ത് അനാവശ്യമായി പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡുവക്കിലും സൂക്ഷിക്കുന്നതുമൂലം ഉണ്ടാകുന്ന മാർഗ്ഗ തടസ്സവും മറ്റും ഒഴിവാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയുടെ 31/01/2017 തീയതിയിലെ 7/17 നമ്പർ സർക്കുലർ പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിലെ സി.ഒ.ബി. സന്ദേശം പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിലവിലുള്ള നിയമങ്ങൾ പ്രകാരം വാഹനങ്ങൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും കർശന നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ വണ്ടികളിൽ അധികവും തൊണ്ടി മുതലാണ് എന്നതിനാൽ ഇവയെ കോടതിയുടെ നിർദ്ദേശത്തോടുകൂടി മാറ്റുവാനുള്ള എന്തെങ്കിലും സംവിധാനം ഒരുക്കുവാൻ പദ്ധതി നടപ്പിലാക്കുമോ; | (ബി)യും (സി)യും | ബഹു. സുപ്രീം കോടതിയുടേയും ബഹു. കേരള ഹൈക്കോടതിയുടേയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത് സൂക്ഷിക്കുന്ന വാഹനങ്ങൾ തീർപ്പുകൽപ്പിക്കുന്നത് സംബന്ധിച്ച് ബഹു. കോടതികളുടെ ഉത്തരവുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവിയുടെ 03/08/2013 തീയതിയിലെ 23/13 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ടി നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | കേരളത്തിലെ പ്രധാന നഗരങ്ങളിലുള്ള ട്രാഫിക് പോലീസ് സ്റ്റേഷനുകളുടെ പരിസരത്തെ പ്രധാന റോഡുകളിൽ ഇങ്ങനെ പിടിച്ചെടുത്ത വണ്ടികൾ ട്രാഫിക് തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കാൻ ഉചിത നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ